എൻ. ഗോപാലപിള്ള

നിറഞ്ഞ പാണ്ഡിത്യം, വെട്ടിത്തിളങ്ങുന്ന നർമ്മബോധം, മാന്യവും കലിനവുമായ പെരുമാറ്റം—''ഗോപാലപിള്ളസ്സാർ''പെട്ടെന്നു ഓർക്കുമ്പോൾ മനസ്സിൽ മിന്നിനിൽക്കുന്നതു് ഇവയൊക്കെയാണു്. ഏതു സദസ്സിനും അലങ്കാരമായിരുന്ന അദ്ദേഹം. അപ്പനേരം അദ്ദേഹത്തോടൊത്തിച്ചു ചെലവഴിക്കാനിടവന്ന ആർക്കും, ശരിയാർന്ന ഒരു വിശിഷ്ടവ്യക്തിത്വത്തിന്റെ മുമ്പിലാണു് താനെന്ന ബോധം ഉളവാകാതെവയ്ക്ക. പുരുഷായുസ്സിന്റെ പകുതി പിന്നിട്ടശേഷവും, ദാരിദ്ര്യമായ അദ്ദേഹത്തിന്റെ ആകാരസൗഷ്ഠവത്തിനു് യാതൊരു ക്ഷതിയും സംഭവിച്ചില്ല. നേരെമറിച്ചു് പകൃത ആശരീരസൗന്ദര്യത്തെ അതുകൂടുതൽ ആദരണീയമാക്കിത്തീർത്തു. ''ആകാരസദൃശപ്രജ്ഞ''എന്നു് അദ്ദേഹത്തെക്കുറിച്ചു് ആരും പറഞ്ഞുപോകുമായിരുന്നു. ഈ വിഷയത്തിൽ അദ്ദേഹം പരേതനായ കവിതിലകൻ പി. ശങ്കരൻ നമ്പ്യാരെ പലപ്പോഴും അനുസ്മരിപ്പിച്ചിരുന്നു. നരകലർന്ന തലമുടിയും മൃദുവസ്ത്രങ്ങളുമായി ഗോപാലപിള്ളസ്സാർ മന്ദം വന്നകയറുമ്പോൾ ഗുരിക്കന്മാർ ആരായാലും എഴുന്നേറ്റുനിൽക്കുകതന്നെ ചെയ്യും. മദ്ധ്യസ്ഥനായോ അദ്ധ്യക്ഷപ്രശ്നം തുടങ്ങിയാലാവട്ടെ, പ്രമദർശനത്തിലെ ഈ ആദരം ഗാഢമായ സൗഹാർദ്ദമായി പരിണമിക്കുന്നു. ഇതിനു് ഫലിതങ്ങളേക്കും നർമ്മകഥകളുടെയും ഒരു പ്രവാഹമാണു്. അതോടൊപ്പം അദ്ദേഹത്തിനു നിങ്ങൾക്കിടയിലുള്ള അന്തരം തീരെക്കുറഞ്ഞ അപ്രത്യക്ഷമാകുന്നു.

വംശി

ഇളംപൂനിലാവുപോലെ സരളമധുരമായ ഈ വ്യക്തിത്വത്തിന്റെ ഉടമസ്ഥനു് പ്രസംഗസദസ്സുകളിൽ സർവ്വസംഹാരകമായ ഒരു പ്രചണ്ഡദേഷ്ടാവിശ്വമെന്ന അപവ്യാതി എങ്ങനെ കൈവന്നുവെന്നു് ഞാൻ പലപ്പോഴും ആശ്ചര്യപ്പെട്ടിട്ടുണ്ടു്. അങ്ങനെയുണ്ടായിത്തന്ന ഒരു കാലം:സാഹിത്യസമ്മേളനങ്ങളോടനുബന്ധിച്ചു് അരങ്ങു് കൊഴുക്കണോ— ഗോപാലപിള്ളസ്സാർ അദ്ധ്യക്ഷനാവണം. ഈ അദ്ധ്യക്ഷന്റെ ഉപസംഹാരപ്രസംഗങ്ങളെ ഉദ്ധരിക്കുന്നതായ പല പ്രസംഗികന്മാരുടെയും ''സംഹാര''പ്രസംഗങ്ങളുമായിമാറിയിട്ടുള്ള നിരവധി സംഭവങ്ങളെ ബന്ധിച്ച കഥകൾ കേൾക്കാത്തവർ കേരളത്തിലുണ്ടാവില്ല. ''ഭാരതീയ ആഗമാനന്ദസ്വാമികളെപ്പോലെ ഇത്ര പ്രസിദ്ധപ്രഭാഷകന്മാരോടുപോലും ഗോപാലപിള്ളസ്സാർ ഏറ്റുമുട്ടി വിജയം വരിച്ചിട്ടുണ്ടു്. പാശ്ചാത്യം ഒരു കല—സുന്ദരകലതന്നെ—ആവാമെന്നു് അദ്ദേഹം സമ്മതം ഉദാഹരണത്തിലൂടെ വിശദമാക്കിയ സന്ദർഭങ്ങൾ വളരെയാണു്.

തിരുവനന്തപുരം രാജകീയ കലാലയത്തിലെ സംസ്കൃതാധ്യാപകനും സംസ്കൃതകലാലയത്തിലെപ്രിൻസിപ്പലുമെന്ന നിലയിൽ പ്രശസ്തമായിരുന്ന അദ്ദേഹത്തിന്റെ ഔദ്യോഗികജീവിതം കാശ്മീരനിഗിതമായ ഒരു പ്രതിഭയുടെ ഉദ്മസ്ഥനായിത്തന്നതിനാൽ, സംസ്കൃതത്തിലെന്നപോലെ മലയാളം, ഇംഗ്ലീഷ് എന്നീ സാഹിത്യങ്ങളിലും അന്യാദൃശമായ അവഗാഹവും അധികാരവും അദ്ദേഹത്തിനു് അനായാസേന കൈവന്നു. പക്ഷേ, പാണ്ഡിത്യം ഒരിക്കലും അദ്ദേഹത്തിനൊരു കനകകിരീടമായിത്തീന്നില്ല. ഒരു പൂവുപോലെ ലാഘവത്തോടെയാണു് അദ്ദേഹം അതു് ശിരസ്സിൽ വഹിച്ചിരുന്നതു്.

കവി

സംസ്കൃതത്തിലും മലയാളത്തിലും മനോഹരമായി കവിതയെഴുതാൻ അദ്ദേഹത്തിനു കഴിവുണ്ടായിരുന്നു. കമലാനാഥാനെ ''സീത''യ്ക്കു് അദ്ദേഹം വിരചിച്ച സംസ്കൃതവിവർത്തനം ലാളിത്യംകൊണ്ടും മാധുര്യസൗന്ദര്യംകൊണ്ടും മൂലകൃതിയെ അതിശയിക്കുന്നുണ്ടെന്നു നിസ്സംശയം പറയാം. അതു് വിവർത്തനമാണെന്നു തോന്നുകയില്ല. പലപ്പോഴും തിരിച്ചു തോന്നുകയും ചെയ്യും. ടാഗോറിന്റെ ''ഗീതാഞ്ജലി''യുടെ ഇംഗ്ലീഷ് വിവർത്തനത്തിനു ഗോപാലപിള്ളസ്സാർ എഴുതിയ സംസ്കൃതവിവർത്തനം ഇനിയും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. സംസ്കൃതത്തിലും വേറെയും ചില കൃതികളും അദ്ദേഹത്തിന്റെ സംഭാവനയായുണ്ടു്.

മലയാളത്തിൽ നൂറ്റെന്നു കവിതകളേ അദ്ദേഹം രചിച്ചിട്ടുള്ളൂ. എങ്കിലും രചിച്ചവയെല്ലാം പ്രൗഢമായ പ്രചാരം നേടിക്കഴിഞ്ഞവയാണു്. അദ്ദേഹത്തിൽനിന്നു കൂടുതൽ സേവനങ്ങൾ നമ്മുടെ സാഹിത്യത്തിനു ലഭിച്ചിട്ടില്ലല്ലോ എന്നു പരിതപിക്കുമാണു് അവയിലൊന്നു വായിക്കുമ്പോൾ നമുക്കു് ഉണ്ടാവുക. നിരന്തരമായ അദ്ധ്യാനത്തോടു ബന്ധപ്പെട്ടവയായിരുന്നില്ല ആ പ്രതിഭയും പാണ്ഡിത്യവുമെന്ന തോന്നൽ, ഏതായാലും നമുക്കു് ഉളവാകാതെ വയ്യ.

കേരള സാഹിത്യ അക്കാദമി രൂപമെടുത്തുമുതൽ അദ്ദേഹം അതിന്റെ നിർവ്വാഹകസമിതിയിൽ അംഗമായിരുന്നു. ആ സംഘടനയുടെ അന്തസ്സും ഗൗരവവുമുയർത്തുന്നതിനു് അദ്ദേഹത്തിന്റെ അംഗത്വം തീർച്ചയായും വളരെയേറെ ഉപകരിച്ചിട്ടുണ്ടു്. കേന്ദ്ര സാഹിത്യ അക്കാദമിയിൽ അംഗമായും നിർവ്വാഹകസമിതിയംഗമായും അദ്ദേഹം സേവനമനുഷ്ഠിച്ചു. കേരള സർവ്വകലാശാലയുടെ പല ഘടകങ്ങൾക്കും അദ്ദേഹത്തിന്റെ വിദഗ്ധസേവനം ഏറിയകാലം ലഭിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ സംഘടനാചാതുര്യവും പ്രതിഭാപ്രസാദവും തികച്ചും അനുഭവപ്പെട്ടിരുന്നതു് അംഗസംഖ്യ ചുരുങ്ങിയ ഇത്തരം സമിതികളിൽവെച്ചാണു്.

മലയാളത്തിൽ ഒരു സർവ്വവിജ്ഞാനകോശം (എൻസൈക്ലോപ്പീഡിയ) നിർമ്മിക്കാൻ കേരള സാഹിത്യ അക്കാദമി തീരുമാനിച്ചപ്പോഴും, അന്നു കേരള ധനകാര്യമന്ത്രിയായിരുന്ന ശ്രീ പട്ടം താണുപിള്ള അതിന്റെ എഡിറ്ററായി നിയമിച്ചതു് ഗോപാലപിള്ളസ്സാറിനെയാണു്. കഴിഞ്ഞ ആറേഴു കൊല്ലമായി ഈ മഹാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു അദ്ദേഹം. താനേറെറടുത്ത പ്രവൃത്തിയുടെ ഔദ്യോഗ്യം പൂർത്തിയാക്കാൻ പാലും മാണം അദ്ദേഹത്തെ അനുവദിക്കുകയുണ്ടായില്ല എന്നതു് അത്യന്തം വേദനാകരമാകുന്നു.

പൊയ്പ്പോയ പഴയ രാജകീയകാലഘട്ടത്തോടനുബന്ധിച്ചു് ഭാവനസാധാരണയായി കിനിഞ്ഞിറങ്ങുന്ന പ്രൗഢത്തിനേറെയും മഹത്ത്വത്തേക്കും കലിനതയുടേയും ഒരു സജീവോദാഹരണമായി ഗോപാലപിള്ളസ്സാറിനെ അദ്ദേഹത്തിന്റെ പരശ്ശതം സുഹൃത്തുക്കളും സഹപ്രവർത്തകരും ശിഷ്യരും ഇനിയും ഏറെയോ കാലം ഓർത്തിരിക്കില്ല. സംസ്കാരികരംഗത്തിലെ വണ്ടേറ്റജ്ജലമായ ഒരു വ്യക്തിത്വം അദ്ദേഹത്തിന്റെ നിര്യാണംമൂലം നമുക്കു് നഷ്ടപ്പെട്ടിരിക്കുന്നു. അദ്ദേഹവുമായി അടുത്തു പരിചയപ്പെട്ടവർക്കുണ്ടാകുന്നതിൽ, അപ്രതിരോധ്യമായ ഒരു വൈയക്തികദുഃഖമാണു് അദ്ദേഹത്തിന്റെ മരണം. ആ വിടവു് നികത്താനാവില്ല.

എൻ. വി. കൃഷ്ണവാരിയർ